**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3330** **11-03-2025 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി ഗവ: പോളിടെക്നിക്കിന്റെ സ്ഥലം വിവിധ ആവശ്യങ്ങൾക്ക് കൈമാറൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി ഗവ.പോളിടെക്നിക് വിട്ടുനൽകിയിരുന്ന വസ്തുവിന്റെ സർവ്വേ നമ്പരും നിലവിൽ ലഭ്യമാക്കിയിട്ടുള്ള സർവ്വേ നമ്പരും വ്യത്യസ്തമായതിനാൽ ഈ വിഷയത്തിൽ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയെങ്കിലും നാളിതുവരെ മറുപടി ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ആയത് എന്നേക്ക് ലഭ്യമാകുമെന്നറിയിക്കാമോ; | (എ) | ഈ വിഷയത്തിൽ പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ട റിപ്പോർട്ട് കടുത്തുരുത്തി വില്ലേജ് ഓഫീസർ 07/03/2025-ൽ നല്കിയിട്ടുള്ളതാണ്. |
| (ബി) | നിർദ്ദിഷ്ട ഭൂമിയുടെ ബി.ടി.ആർ-ന്റെ പകർപ്പ്, പ്രസ്തുത ഭൂമി ആവശ്യപ്പെട്ടുകൊണ്ടുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അർഥനാപത്രം, നിർദ്ദിഷ്ട ഭൂമി പ്രസ്തുത ആവശ്യത്തിന് യോഗ്യമാണെന്ന അനുയോജ്യതാ സാക്ഷ്യപത്രം എന്നിവ റവന്യൂ വകുപ്പിന്റെ റിപ്പോർട്ടിൽ ഉള്ളടക്കം ചെയ്തിട്ടില്ലാതിരുന്നതിനാൽ ആയതു നൽകുവാൻ വകുപ്പ് നടപടി സ്വീകരിക്കുമോ; പ്രസ്തുത പദ്ധതിക്ക് കഴിഞ്ഞ 9 വർഷത്തെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | നിർദ്ദിഷ്ട ഭൂമിയുടെ ബി.ടി.ആർ-ന്റെ പകർപ്പ് നല്കിയിട്ടുണ്ട്. പ്രസ്തുത ഭൂമി ആവശ്യപ്പെട്ടു കൊണ്ടുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അർത്ഥനാപത്രം, നിർദ്ദിഷ്ട ഭൂമി പ്രസ്തുത ആവശ്യത്തിന് യോഗ്യമാണെന്നുള്ള അനുയോജ്യതാ സാക്ഷ്യപത്രം എന്നിവ നല്കുന്ന കാര്യത്തിലും ഈ വിഷയത്തിലുള്ള കാലതാമസം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ് എന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ